പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3412

12.12.2014-ൽ മറുപടിക്ക്

## പൊതുനിരത്തുകളിലെ പരസ്യബോർഡുകൾ നീക്കം ചെയ്യാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. ഷാജി | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ്മന്ത്രി) |
| (എ) പൊതുനിരത്തുകളിലെ വൈദ്യുതി കാലുകളും പൊതുസ്ഥലങ്ങളും കയ്യേറി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകളും മറ്റും നീക്കം ചെയ്യുന്നതിനും നിരത്തുകൾ മനോഹരമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ഉണ്ട്. പൊതുനിരത്തുകൾ ആകർഷകമാക്കുന്നതിനായി പൊതു നിരത്തുകളിലും വൈദ്യുതി കാലുകളിലും, പൊതു സ്ഥലങ്ങൾ കൈയ്യേറിയും സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ, നോട്ടീസുകൾ, ഫ്ളക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്തു കൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ അലുമിനീയം ക്ലാഡിംഗ് സ്ഥാപിച്ച്/പെയിന്റ് ചെയ്ത് വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും അഞ്ചു വർഷത്തെ പ്രാഥമിക കാലയളവിലേക്ക് കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെട്ടു കൊണ്ട് തുടർനടപടികളെടുക്കുവാൻ ക്ലീൻ കേരള കമ്പനിയെ അധികാരപ്പെടുത്തിക്കൊണ്ടുള്ള മാർഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കാർ 6.11.2014-ൽ സ.ഉ.(കൈ) നം. 194/2014/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതു വഴി അധിക വരുമാനം നേടാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എപ്രകാരമാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. പൊതുനിരത്തുകളിലും, ഇലക്ട്രിക്ക് പോസ്റ്റുകളിലും അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്ത് നിയമാനുസൃതം പരസ്യ ബോർഡുകൾ സ്ഥാപിക്കുവാൻ ക്ലീൻ കേരളാ കമ്പനിയെ അധികാരപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇതിലൂടെ ലഭിക്കുന്ന വരുമാനം എങ്ങനെ വിനിയോഗിക്കാനും ആർക്കൊക്കെ വീതിക്കാനുമാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | പരസ്യ നികുതി ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന നികുതി കഴിച്ചുള്ള തുകയുടെ 20 ശതമാനം ഇലക്ട്രിസിറ്റി ബോർഡിന് ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ